LIBRARY ARCHIVES Kerala Legislative Assembly

വൃക്ക രോഗികൾക്ക് സൗജന്യചികിത്സയും മരുന്നും

28 (3459) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ക രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർചികിത്സ ആവശ്യമാണെന്നും അത് ചെലവേറിയ ചികിത്സയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഭാഗത്തിലുള്ളവരുടെ തുടർചികിത്സ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൃക്കരോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമല്ല. പക്ഷേ ഗവൺമെന്റ് ആശുപത്രികളിൽ ബി.പി.എൽ. രോഗികൾക്ക് ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. കൂടാതെ ഹോസ്പിറ്റൽ ന്യായവില മരുന്നുകട, കാരുണ്യ ഫാർമസിവഴി മരുന്നുകൾ വില കുറച്ച് ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 2 ലക്ഷം രൂപവരെ കിഡ്നി രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാണ്.

(ബി) Inj.Erythopoietin, In.Iron തുടങ്ങിയ ഇൻജക്ഷൻ ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകി വരുന്നു. കൂടാതെ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യമായി ജനറിക് മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി രോഗികൾക്ക് നൽകിവരുന്നു.

(സി) വൃക്കദാതാക്കൾക്ക് തുടർചികിത്സ ആവശ്യമില്ല. ഒരാഴ്ച കഴിഞ്ഞാൽ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് ചെയ്തശേഷം മരുന്നുകൾ കഴിക്കേണ്ടതില്ല. വൃക്ക സ്വീകർത്താവിന് ജീവിതകാലം മുഴുവൻ മരുന്നുകൾ കഴിക്കേണ്ടിവരുന്നു. സ്വീകർത്താവിന് ചെലവ് ശരാശരി ആദ്യത്തെ ഒരു വർഷം ഒരു ലക്ഷംരൂപയും അതിനുശേഷം മാസംതോറും 5,000-7,000 രൂപവരെയാണ്. ഇത് ജീവിതകാലം മുഴുവൻ വേണ്ടിവരുന്നു. തുടർചികിത്സയ്ക്ക് കെ.ബി.എഫ് (കാരുണ്യ ബെനവലന്റ് ഫണ്ട്) മുഖേന 2 ലക്ഷം രൂപ, (ആർ.എസ്.ബി.വൈ. കാർഡ് + ചിസ് കാർഡ്) 30,000-70,000 രൂപ തുടങ്ങിയ പദ്ധതി മുഖേന യോഗ്യരായവർക്ക് സൗജന്യമായി തുടർ ചികിത്സയ്ക്ക് ഈ തുക തീരുംവരെ ഉപയോഗിക്കാവുന്നതാണ്.